## പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 567** **24.01.2018- ൽ മറുപടിക്ക്**

## " ചെറുകിട വ്യവസായ സ്ഥാപനങ്ങൾ "

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. വി. വിജയദാസ്**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവുംവകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ഇവയ്ക്ക് എന്തെല്ലാം സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്; | എ & ബി | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം 48,980 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉദ്യോഗ് ആധാർ മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളുടെ നടത്തിപ്പിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സ്വീകരിച്ചു വരുന്നു.<br>• ദേശീയതലത്തിൽ മാതൃകാപരമായി എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തീകരിച്ചിരിക്കുകയാണ്. 'വ്യവസായ ജാലകം' എന്ന ഈ പദ്ധതി വഴി ഒരു ലക്ഷത്തി പതിനായിരത്തിൽപരം വ്യവസായ യൂണിറ്റുകളുടേയും ആയിരത്തോളം വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ ടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന തരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.<br>• സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടേയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>• സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് . തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിലവിലുണ്ട്.<br>• തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ സി.എഫ്.സി. രൂപീകരിക്കുന്നതിനും ലക്ഷ്യമിടുന്നു.<br>• സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപസംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരംഭകത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| ബി | കൂടുതൽ ചെറുകിട വ്യവസായ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ ? | | |

| | | | |
|---|---|---|---|
| | | | • സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), പി.എം.ഇ.ജി.പി എന്നീ പ ദ്ധതികൾ നിലവിലുണ്ട്.<br><br>• പരമ്പരാഗത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>• ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടു ണ്ട്.<br><br>• എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദനപ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി പരിഗണിച്ചു വരുന്നു.<br><br>• പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 01.04.2017നു ശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ/ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും പരിഗണിച്ചു വരുന്നു.<br><br>• വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ ആധുനികവത്കരണം, അടിസ്ഥാന സൗകര്യവികസനം, പൊതു സൗകര്യ സേവനങ്ങളുടെ (സി.എഫ്.സി) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**